REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 22-03-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **നിയമസഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന് ഇനി ഒരു ദിവസം കൂടി മാത്രം.**
- **പ്രിസൈഡിംഗ് ഓഫീസർമാർക്കും, ഫസ്റ്റ് പോളിംഗ് ഓഫീസർമാർക്കും ആദ്യഘട്ട പരിശീലനം ചൊവ്വാഴ്ച ആരംഭിക്കും.**
- **വോട്ടർ പട്ടികയിൽ പുതുതായി പേര് ചേർക്കാൻ അനുവദിച്ച സമയപരിധി നാളെ അവസാനിക്കും.**
- **പശ്ചിമേഷ്യയിലെ സംഘർഷ പശ്ചാത്തലത്തിൽ രാജ്യത്ത് പെട്രോൾ, ഡീസൽ, LPG ക്ഷാമമില്ലെന്ന് കേന്ദ്ര ഗവൺമെന്റ്.**
- **ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റൺ വനിതാ രണ്ടാം സെമിയിൽ ഇഷാറാണി ബറുവ, തായ്‌ലന്റ് താരത്തെ ഇന്ന് നേരിടും.**

## വാർത്തകൾ വിശദമായി

നിയമസഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ നാമനിർദ്ദേശ പത്രികാ സമർപ്പണം നാളെ അവസാനിക്കും. പ്രമുഖ മുന്നണി സ്ഥാനാർത്ഥികൾ ഇന്നലെ പത്രിക സമർപ്പിച്ചു. ശേഷിക്കുന്ന സ്ഥാനാർത്ഥികൾ നാളെ പത്രിക നൽകും. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ചൊവ്വാഴ്ചയാണ്.

പത്രികാ സമർപ്പണം ആരംഭിച്ചതു മുതൽ ഇതുവരെ 607 നാമനിർദ്ദേശ പത്രിക ലഭിച്ചതായാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ്സൈറ്റിലെ വിവരം.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്)....

സ്ഥാനാർത്ഥികളുടെ പ്രചാരണപ്രവർത്തനങ്ങൾ മിക്ക മണ്ഡലങ്ങളിലും ഇന്നലെ തന്നെ ശക്തമായി.

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ കേരളത്തിലെ തിരഞ്ഞെടുപ്പ് പര്യടനം ബുധനാഴ്ച ആരംഭിക്കും. കോഴിക്കോട്ട് തിരഞ്ഞെടുപ്പ് റാലിയോടെ ആയിരിക്കും പ്രചാരണമെന്ന് തിരഞ്ഞെടുപ്പ് പ്രചാരണ കമ്മിറ്റി അധ്യക്ഷൻ രമേശ് ചെന്നിത്തല തിരുവനന്തപുരത്ത് അറിയിച്ചു. വൈകിട്ട് കോഴിക്കോട് ബീച്ചിലാണ് റാലി. ദേശീയ-സംസ്ഥാന നേതാക്കളും പരിപാടിയിൽ പങ്കെടുക്കുമെന്ന് ചെന്നിത്തല അറിയിച്ചു.

LDF ന്റെ തിരഞ്ഞെടുപ്പ് പ്രചരണത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ മുതൽ ജില്ലകളിലെ പര്യടനം ആരംഭിക്കും. ഏപ്രിൽ മൂന്നു വരെ 48 കേന്ദ്രങ്ങളിൽ മുഖ്യമന്ത്രി എത്തും. CPIM ജനറൽ സെക്രട്ടറി MA ബേബി, സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ, A.വിജയരാഘവൻ, പ്രകാശ് കാരാട്ട്, ബൃന്ദാ കാരാട്ട് എന്നിവരടക്കം പ്രമുഖരും പൊതുയോഗങ്ങളിൽ സംബന്ധിക്കും. പത്തനംതിട്ടയിലാണ് പ്രചാരണത്തിന് തുടക്കമിടുന്നത്.

NDA യുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദിയടക്കം ദേശീയ നേതാക്കൾ കേരളത്തിലെത്തും. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിലായിരിക്കും പ്രധാനമന്ത്രിയുടെ സന്ദർശനം . കേന്ദ്രമന്ത്രിമാരായ അമിത്ഷാ, നിതിൻ ഗഡ്കരി, രാജ്നാഥ് സിംഗ് എന്നിവരടക്കം പ്രമുഖരും പ്രചാരണത്തിനെത്തും. ഈ മാസം അവസാനത്തോടെ BJP ദേശീയ അധ്യക്ഷൻ നിതിൻ നബീനും സംസ്ഥാനത്തെത്തും.

നിയമസഭാ തിരഞ്ഞെടുപ്പിൽ BJP, ഇന്നലെ സ്ഥാനാർത്ഥികളുടെ മൂന്നാം പട്ടികയും പ്രസിദ്ധീകരിച്ചു- പട്ടികയിൽ 11 പേരുണ്ട്. ഇതോടെ NDA, 140 സീറ്റിലെയും സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിലെ പ്രിസൈഡിംഗ് ഓഫീസർമാർക്കും, ഫസ്റ്റ് പോളിംഗ് ഓഫീസർമാർക്കും ചൊവ്വാഴ്ച ആദ്യഘട്ട പരിശീലനം ആരംഭിക്കുമെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. ഇവർക്ക് പോസ്റ്റൽ ബാലറ്റ് ഫോം സമർപ്പിക്കാൻ ക്രമീകരണം ഏർപ്പെടുത്തും. രണ്ടാം ഘട്ട ട്രെയിനിംഗ് നടത്തുന്ന കേന്ദ്രത്തിലെ വോട്ടർ ഫെസിലിറ്റേഷൻ സെന്ററിലായിരിക്കും വോട്ടിംഗ്. സെക്കന്റ്, തേർഡ് പോളിംഗ് ഓഫീസർമാരുടെ പരിശീലനം രണ്ടാം ഘട്ടത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർക്കാൻ അനുവദിച്ച സമയപരിധി നാളെ അവസാനിക്കും. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം

✪✪✪

എറണാകുളം ജില്ലയിൽ ആന്റി ഡിഫേയ്സ്മെന്റ് സ്ക്വാഡ് 5,142 പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തു. പൊതുജനങ്ങൾക്ക് നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും അറിയിക്കാൻ ജില്ലാതിരഞ്ഞെടുപ്പ് വിഭാഗം ഹെൽപ്ലൈൻ ആരംഭിച്ചു. പെരുമാറ്റചട്ടവുമായി ബന്ധപ്പെട്ട പരാതികൾ C- വിജിൽ ആപ്പു വഴിയോ, mccernamkulam2026@gmail.com എന്ന മെയിൽവിലാസത്തിലോ അയക്കാം.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഹരിതചട്ടം കർശനമാക്കുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ സൈൻ പ്രിന്റിംഗ് സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്തി.

കൊല്ലത്ത് നിന്ന് നീരജ് ലാൽ.

....(വോയ്സ്)......

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലാ ഭരണകൂടം നടപ്പിലാക്കുന്ന സ്വീപ്പ് 'ഇങ്ക് ഇറ്റ് കണ്ണൂർ' കാമ്പയിന്റെ ഭാഗമായി പൊതു ജനപങ്കാളിത്തം ഉറപ്പാക്കുന്ന പരിപാടികൾ വൈകിട്ട് പയ്യാമ്പലം ബീച്ചിൽ ആരംഭിക്കും. ദീപശിഖ തെളിയിക്കൽ, മണൽ ശിൽപം ഒരുക്കൽ, ഫ്ളാഷ് മോബ് എന്നിവ ഉണ്ടാവും.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷ പശ്ചാത്തലത്തിൽ രാജ്യത്ത് പെട്രോൾ, ഡീസൽ, LPG ക്ഷാമമില്ലെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. റിഫൈനറികളിലെ ആഭ്യന്തര എൽപിജി ഉത്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. പൂഴ്ത്തിവയ്പ്പിനും കരിഞ്ചന്തയ്ക്കും എതിരെ കർശന നടപടിയെടുക്കാൻ മന്ത്രാലയം

സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു. LPG പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും പരിശോധിക്കുന്നതിനായി സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും റെയ്ഡുകൾ തുടരുകയാണെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

കേരളത്തിന് 20 ശതമാനം അധിക വാണിജ്യ LPG സിലിണ്ടർ കൂടി അനുവദിച്ചതായി പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം സംസ്ഥാനത്തിന് കത്ത് നൽകി. നാളെ മുതൽ അധിക വിഹിതം ലഭ്യമാകും. ഇതോടെ പശ്ചിമേഷ്യൻ പ്രതിസന്ധിയ്ക്ക് മുൻപ് നൽകിയിരുന്ന വിഹിതം പുനഃസ്ഥാപിക്കപ്പെടുമെന്നും കത്തിൽ പറയുന്നു.

റസ്റ്ററന്റുകൾ , ഹോട്ടലുകൾ, കാന്റീനുകൾ, കമ്മ്യൂണിറ്റി അടുക്കള എന്നിവയ്ക്ക് ഇതോടെ കൂടുതൽ സിലിണ്ടറുകൾ ലഭ്യമാകും.

✪✪✪

ഇസ്രായേലിലെ ഡിമോണ സിറ്റിയിൽ ആണവനിലയത്തിൽ ഇറാൻ മിസൈൽ ആക്രമണം നടത്തിയെന്ന അവകാശവാദത്തിൽ അസാധാരണ ആണവ വികിരണം ഉണ്ടായതായി കണ്ടെത്താനായിട്ടില്ലെന്ന് അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി അറിയിച്ചു. സാഹചര്യങ്ങൾ ഏജൻസി സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും ഡയറക്ടർ ജനറൽ റഫേൽ മരിയാനോ ഗ്രോസി അറിയിച്ചു.

അതിനിടെ, ഹോർമൂസ് കടലിടുക്ക് 48 മണിക്കൂറിനകം ഭീഷണികളില്ലാതെ പൂർണമായി തുറന്നില്ലെങ്കിൽ കനത്ത ആക്രമണം ആരംഭിക്കുമെന്ന് US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് അറിയിച്ചു. ഊർജ്ജോത്പാദന കേന്ദ്രങ്ങൾക്ക് നേരെയും ആക്രമണമുണ്ടാകുമെന്ന് ട്രൂത്ത് സോഷ്യൽ വഴി നൽകിയ മുന്നറിയിപ്പിൽ പറയുന്നു.

✪✪✪

കോഴിക്കോട് ജില്ലയിൽ ചിലയിടങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ വളർത്തു പക്ഷികളുമായി അടുത്ത് ഇടപഴകുന്നവരും, പൊതുജനങ്ങളും ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. K.K രാജാറാം ആവശ്യപ്പെട്ടു. പക്ഷികളിൽനിന്നും പക്ഷികളിലേക്കാണ് സാധാരണഗതിയിൽ രോഗം പടരുന്നത്. രോഗബാധിത പ്രദേശങ്ങളിൽ വളർത്തുപക്ഷികളെ കൊന്നൊടുക്കുന്ന നടപടി തുടരുകയാണ്.

ആലപ്പുഴയിൽ പക്ഷി പനി പ്രതിരോധ പ്രവർത്തനങ്ങൾ പൂർത്തിയായി. പുതുതായി രോഗം റിപ്പോർട്ട് ചെയ്തിട്ടിലെങ്കിലും, നിയന്ത്രണങ്ങൾ തുടരും.

✪✪✪

കോഴിക്കോട് പെരുവയൽ പഞ്ചായത്തിൽ 12 പേരിൽ കൂടി ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്തു. എല്ലാവരുടേയും ആരോഗ്യ നില തൃപ്തികരമാണെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചു.

✪✪✪

ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റൺ വനിതാ രണ്ടാം സെമിയിൽ ഇന്ത്യയുടെ ഇഷാറാണി ബറുവ തായ്‌ലന്റ് താരത്തെ നേരിടും. ഫൈനലിൽ ഈ മത്സരത്തിലെ വിജയിയെ ജാപ്പനീസ് താരം നൊസോമി ഒക്കുഹാര നേരിടും.

ഇന്നലെ ഫ്രാൻസിലെ പലെയ്സ് ദസ് സ്പോർട്സിൽ ആദ്യ സെമിയിൽ ഇന്ത്യയുടെ തൻവി ശർമ്മയെ തോൽപ്പിച്ചാണ് ഒക്കുഹാര ആദ്യ ഫൈനലിസ്റ്റായത്.

✪✪✪

ISL ഫുട്ബോളിൽ കേരളാ ബ്ലാസ്റ്റേഴ്സ് ,പഞ്ചാബ് FC യോട് പരാജയപ്പെട്ടു. കൊച്ചിയിൽ ഒന്നിനെതിരെ മൂന്ന് ഗോളിനാണ് ബ്ലാസ്റ്റേഴ്സിന്റെ തോൽവി. സീസണിൽ ആറു മത്സരങ്ങൾ കളിച്ച ടീമിന്റെ അഞ്ചാം തോൽവിയാണിത്.

✪✪✪

കാസർകോട്ടെ BLO മുഹമ്മദ് സവാദിന്റെ മരണത്തിൽ ജില്ലാഭരണകൂടം അതിയായ ദുഃഖം അറിയിച്ചു. തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിൽ സവാദിന്റെ പ്രവർത്തനം മികച്ചതായിരുന്നുവെന്ന് ജില്ലാതിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കലക്ടർ അറിയിച്ചു. സംഭവത്തെപ്പറ്റി വിശദമായ അന്വേഷണത്തിന് പൊലീസിന് നിർദ്ദേശം നൽകിയതായും കലക്ടർ അറിയിച്ചു.

✪✪✪

തിരുവനന്തപുരം മെഡിക്കൽ കോളജിലെ സർജിക്കൽ ICU വിൽ ഉണ്ടായ തീപിടുത്തത്തെപ്പറ്റി ചില മാധ്യമങ്ങളിൽ വരുന്ന തുടർവാർത്തകൾ വസ്തുതാവിരുദ്ധമാണെന്ന് മെഡിക്കൽ കോളജ് സൂപ്രണ്ട് അറിയിച്ചു. ICU വിൽ ഉണ്ടായിരുന്ന 32 രോഗികളെ 15 മിനിറ്റു കൊണ്ട് സുരക്ഷിതമായി മാറ്റുകയും, അഗ്നിശമനികൾ ഉപയോഗിച്ച് തീയണയ്ക്കുകയും ചെയ്തു. തീപിടുത്തമുണ്ടായപ്പോൾ മാറ്റിയതുകൊണ്ടാണ് മരണമുണ്ടായതെന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്നും സൂപ്രണ്ട് വ്യക്തമാക്കി.

✪✪✪

പൈങ്കുനി ഉത്രം ഉത്സവത്തിനായി ശബരിമലയിൽ വൈകിട്ട് നട തുറക്കും. നാളെയാണ് ഉത്സവത്തിന്റെ കൊടിയേറ്റം. ഏപ്രിൽ ഒന്നിന് ഉത്സവച്ചടങ്ങുകൾ പൂർത്തിയാക്കി നട അടക്കും. വെർച്വൽ ക്യൂ ബുക്ക് ചെയ്ത് തീർഥാടകർക്ക് ദർശനം നടത്താവുന്നതാണ്.

✪✪✪

കണ്ണൂരിൽ നാലുദിവസമായി നടത്തിവന്ന മന്ത്രാങ്കം കൂത്ത് വലിയ കൂടിയാട്ടത്തോടെ സമാപിച്ചു. തഞ്ചാവൂർ സൗത്ത്ൺ സോൺ കൾച്ചറൽ സെന്ററിന്റെ നേതൃത്വത്തിലായിരുന്നു പരിപാടി.

✪✪✪

സംസ്ഥാനത്തെ മിക്ക ജില്ലകളിലും നാളെ വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. 11 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. പൊതുജനങ്ങൾ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണമെന്ന് അധികൃതർ ആവശ്യപ്പെട്ടു.

✪✪✪

തൃശൂർ എടക്കഴിയൂരിൽ വീട്ടിലെ പ്രസവത്തിന് ശേഷം ചികിത്സയിൽ കഴിയുകയായിരുന്ന യുവതി മരിച്ച സംഭവത്തിൽ ഭർത്താവിനെ അറസ്റ്റ് ചെയ്തു. മരിച്ച മുഹ്സിനയുടെ ഭർത്താവ് ഇബ്രാഹിമിനെയാണ് ചാവക്കാട് പൊലീസ് അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരെ മന:പൂർവമല്ലാത്ത നരഹത്യാ കുറ്റം ചുമത്തി.

✪✪✪

ഇന്ന് ലോക ജലദിനം. ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം. എല്ലാവർക്കും ശുദ്ധ ജലവും, ശുചിത്വവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ 1993 ലാണ് ഐക്യരാഷ്ട്രസഭ ജലദിനാചരണത്തിന് തുടക്കമിട്ടത്. സ്ത്രീകളുടെയും, പ്രാദേശിക സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ ജലസംരക്ഷണ പ്രവർത്തനം നടപ്പാക്കുകയെന്ന ഉദ്ദേശത്തോടെ, 'ജലവും ലിംഗഭേദവും' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News Team: സബിത കെ, രജിന കെ,*
*DEO: ഷീബ*